നം.1009/2021/ഐ.കെ.എം

# ഇൻഫർമേഷൻ കേരള മിഷൻ

**സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003**

## കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ നടപടിക്രമം

## സാന്നിദ്ധ്യം- സൈമ എസ്

**സംഗ്രഹം**

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ - കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ അനുസരിച്ച് – ഐ.കെ.എം ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

Human Resource (Establishment Division)

**നമ്പർ. 454/ഇ1/2021/ഐ.കെ.എം** **തീയതി 25.07.2021**

പരാമർശം:-24.07.2021 തീയതിയിലെ G.O.(Rt) No. 545/2021/DMD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 26.07.2021 മുതൽ **എ, ബി** വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ **50 %** ജീവനക്കാരും, **സി** വിഭാഗത്തിൽപെട്ട പ്രദേശങ്ങളിൽ **25%** ഉദ്യോഗസ്ഥരും ഹാജരാകുന്നതിനും, ഡി വിഭാഗത്തിൽപെട്ട തദ്ദേശ സ്ഥാപനങ്ങളിൽ അവശ്യ സർവ്വീസുകൾ മാത്രം പ്രവർത്തിക്കുന്നതിനും പരാമര് ശ പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ, സാധാരണ ഓഫീസ് ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ ഇനിയൊരു സർക്കാർ നിർദേശം വരുന്നതുവരെ ഐ.കെ.എം ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഉത്തരവിനോടനുബന്ധിച്ചുള്ള ഡ്യൂട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി ലിസ്റ്റ് പ്രകാരം കൃത്യമായും ഓഫീസിൽ ഹാജരാകേണ്ടതും, ഹാജരാകാത്തപക്ഷം ലീവായി കണക്കാക്കുന്നതുമാണ്.
2. ഓഫീസിൽ ഹാജരാകേണ്ടാത്ത ദിവസങ്ങളിൽ ജീവനക്കാർ വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി ചെയ്യേണ്ടതാണ്.
3. അത്യാവശ്യ ഘട്ടങ്ങളിൽ വകുപ്പ് മേധാവി / ടീം ലീഡർമാർ ആവശ്യപ്പെടുന്നപക്ഷം ജീവനക്കാർ ഓഫീസിൽ ഹാജരായി ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.
4. ജീവനക്കാർ ഓഫീസിൽ നിർബ്ബന്ധമായും മാസ്ക് ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.
5. ജില്ലാതലത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സാധാരണ ഓഫീസ് ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ ക്രമീകരണം നടത്തുന്നതിന് ജില്ലാ കോർഡിനേറ്റർ / ജില്ലാ ടെക്നിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം ടെക്നിക്കൽ ജീവനക്കാരെ അതാത് സ്ഥലങ്ങളിൽ ക്രമീകരിക്കുന്നതിന് ജില്ലാ കോർഡിനേറ്റർ / ജില്ലാ ടെക്നിക്കൽ ഓഫീസർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ ജില്ലകളിലും നടത്തുന്ന ക്രമീകരണങ്ങൾ ഐ.കെ.എം എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ അറിയിക്കേണ്ടതാണ്.

**(ഒപ്പ്)**

**സൈമ എസ്**

**കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ**

എല്ലാ ജീവനക്കാർക്കും

പകർപ്പ്

എല്ലാ ജില്ലാ കോർഡിനേറ്റർ / ജില്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ